# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 617     24.05.2017 — ൽ മറുപടിക്ക്

## റേഷൻകടക്കാർക്കുള്ള ആനുകൂല്യങ്ങൾ

### ചോദ്യം

ശ്രീ.എ.പി. അനിൽ കുമാർ
,, ഹൈബി ഈഡൻ
,, അനൂപ് ജേക്കബ്
,, ഐ.സി.ബാലകൃഷ്ണൻ :

(എ) ഭക്ഷ്യ ഭദ്രത നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി റേഷൻകടക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങളെക്കുറിച്ച് ഭക്ഷ്യ വകുപ്പ് ശിപാർശകൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ശിപാർശകൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത ശിപാർശകളിൽ സ്വീകരിച്ചതും നിരസിച്ചതുമായവ ഏതെല്ലാമാണെന്ന് വിശദീകരിക്കുമോ?

### ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി)

(എ) യും (ബി) യും (സി) യും റേഷൻ വ്യാപാരികൾക്ക് നൽകേണ്ട പാക്കേജിനെക്കുറിച്ച് പഠിക്കുന്നതിനായി 30.12.2016-ലെ സ.ഉ.(സാധാ) നമ്പർ 314/2016/ഭ.സി.സ.വ പ്രകാരം റേഷൻ വ്യാപാരി പ്രതിനിധികളെ കൂടി ഉൾപ്പെടുത്തി രൂപീകരിച്ച കമ്മിറ്റി പാക്കേജ് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

350 വരെ എണ്ണം റേഷൻ കാർഡുള്ള റേഷൻ ഡിപ്പോകളെ ഒരു ക്ലാസ്സിലും തുടർന്ന് 2200 വരെ കാർഡുള്ള റേഷൻ ഡിപ്പോകളെ 8 ക്ലാസ്സുകളിലുമായി ഉൾപ്പെടുത്തി ഉയർന്ന നിരക്കിലുള്ള ഇൻസെന്റീവ് ഒരു ഇടപാടിന് 8 രൂപ എന്ന നിരക്കിൽ പരമാവധി രണ്ട് ഇടപാടുകൾ വരെ ഇ-പോസ് മുഖേനയുള്ള വിതരണത്തിന് നൽകി, താഴ്ന്ന ക്ലാസ്സുകൾക്ക് ഉയർന്ന നിരക്കിലും ഉയർന്ന ക്ലാസ്സുകൾക്ക് താരതമ്യേന താഴ്ന്ന നിരക്കിലും കമ്മീഷൻ ലഭ്യമാക്കിയും ആദ്യത്തെ 3 ക്ലാസ്സുകൾക്ക് മിനിമം 6000, 4000, 2000 എന്നിങ്ങനെ സപ്പോർട്ട് പേയ്മെന്റ് നൽകിയുമാണ് പാക്കേജ് ക്രമീകരിച്ചിരിക്കുന്നത്. 350-ൽ താഴെ റേഷൻകാർഡുള്ള ഡിപ്പോകൾക്ക് 1-ാമത്തെ ക്ലാസ്സ് അനുസരിച്ചുള്ള മിനിമം സപ്പോർട്ട് പ്രൈസും ഉയർന്ന നിരക്കിലുള്ള ഇൻസന്റീവും കമ്മീഷനും പരിഗണനയിലുണ്ട്.

വാതിൽപ്പടി വിതരണം സർക്കാർ ഏറ്റെടുത്തിരിക്കുന്നതിന് പുറമേ എല്ലാ ക്ലാസിൽപ്പെട്ട റേഷൻ വ്യാപാരികളുടെയും കമ്മീഷൻ വർദ്ധിപ്പിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. താഴ്ന്ന ക്ലാസ്സുകളിൽ Rs. 160/-, മദ്ധ്യഗ്രൂപ്പുകളിൽ Rs. 140/ - ഉം ഉയർന്ന ഗ്രൂപ്പുകളിൽ Rs. 100/- എന്നിങ്ങനെയാണ് ശുപാർശ ചെയ്തിരിക്കുന്നത്.

റേഷൻ പഞ്ചസാര കിലോഗ്രാമിന് 15 പൈസ എന്നുള്ളത് 65 പൈസയായി ഉയർത്തുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്.

ചില്ലറ റേഷൻ വ്യാപാരികൾക്കുള്ള മണ്ണെണ്ണയുടെ കമ്മീഷൻ ലിറ്ററിന് 21 പൈസ എന്നുള്ളത് 50 പൈസയായി ഉയർത്തുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ റേഷൻ ഡിപ്പോയുടെ പ്രവർത്തന പരിധി നിശ്ചയിക്കുക , റേഷൻ ഡിപ്പോകളുടെ സംഭരണ ശേഷി വർദ്ധിപ്പിക്കുക, പഞ്ചസാര മണ്ണെണ്ണ ആട്ട എന്നിവയുടെ വിതരണം വാതിൽപ്പടി മുഖേന ആക്കുക, മൊബൈൽ റേഷനിംഗ് ഏർപ്പെടുത്തുക, റേഷൻ ഡിപ്പോകൾക്ക് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുക, തുടങ്ങിയ ശുപാർശകളും സർക്കാരിന്റെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തിട്ടില്ല.

സെക്ഷൻ ഓഫീസർ